ശ്രീ. ആർ. ശങ്കർ : ഈയിടെ ഉള്ള പവ്വർകട്ട് ബഹുമാനപ്പെട്ട മെമ്പർക്കും അറിവുള്ളതാണല്ലോ ? അതിനുമുമ്പ് എത്രകൊണ്ട് കാലതാമസമുണ്ടായി എന്നു അറിവില്ല. ഏതായാലും ഇപ്പോഴുള്ള ബുദ്ധിമുട്ട് മാറിയാൽ വീടുകളിൽ ഇലക്ട്രിസിറ്റി സപ്ലൈ ചെയ്യുന്നതിൻ കഴിയും.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ബ്ലാക്ക് ബഡ്ജറ്റിൽ ആദ്യത്തെ വർഷത്തെ റൂറൽ ഇലക്ട്രിസിറ്റിയുള്ള തുക ബോർഡിന്റെ സ്റ്റേജ് I. കഴിഞ്ഞാൽ മാത്രമേ ഡൈവർട്ട് ചെയ്യാൻ പാടുള്ള എന്നു വ്യവസ്ഥ ഉണ്ടോ ? ഉണ്ടെങ്കിൽ അതുകാരണം വളരെയധികം കാലതാമസം വരുന്നുണ്ടെന്നുള്ള കാരണത്താൽ അതിൽ വ്യത്യാസം വരുത്തുവാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല. വേറൊരു ചോദ്യമായി ചോദിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : സംക്കീമാറ്റിക്കു ബഡ്ജറ്റു അനുസരിച്ചു ഒരു ബ്ലാക്കിലെ റൂറൽ ഇലക്ട്രിഫിക്കേഷനു നാൽപ്പതിനായിരം രൂപ ഉണ്ടെങ്കിൽ ആകെയുള്ള റൂറൽ ഇലക്ട്രിഫിക്കേഷനു ഉള്ള സംഖ്യ ആദ്യമേ കൊടുക്കുവാൻ സാധിക്കാത്തതു് എന്തുകൊണ്ടാണു് ? നാൽപ്പതിനായിരത്തിൽ കുറച്ചു ഏതെങ്കിലും ബ്ലാക്കിൽ വച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ, മറ്റു പ്രദേശങ്ങളിൽ റൂറൽ ഇലക്ട്രിഫിക്കേഷനു നീക്കിവച്ചിട്ടുള്ള തുക ലാപ്സായിപ്പോകുന്നതു ഇങ്ങോട്ടു ഡൈവേർട്ട് ചെയ്യുകൂടയോ ? പണമില്ലാത്തതുകൊണ്ടു നടത്തുന്നില്ല എന്നുള്ള വാദം നിലവിലുള്ളതുകൊണ്ടു് ലാപ്സായിപ്പോകുന്ന തുക ഇങ്ങോട്ടു കൂടി ഡൈവർട്ട് ചെയ്തു ഇലക്ട്രിഫിക്കേഷൻ സുഗമമാക്കിതീർത്തുകൂടേ?

ശ്രീ. ആർ. ശങ്കർ : ചോദ്യങ്ങൾ വളരെയുണ്ടു് ഓർമ്മിക്കുവാൻതന്നെ പ്രയാസം. നാൽപ്പതിനായിരം രൂപ കൊടുത്തിട്ടുള്ള ബ്ലാക്കും ഉണ്ടാകും. ഈ സംസ്ഥാനത്തു ബ്ലാക്കുകൾ ഉണ്ടാകുന്നതിനുമുമ്പുതന്നെ റൂറൽ ഇലക്ട്രിഫിക്കേഷൻ ഒട്ടേറെ വ്യാപിച്ചിട്ടുണ്ടു്. ചില ബ്ലാക്കുകളിൽ ഇലക്ട്രിഫിക്കേഷൻ വളരെയൊന്നും വേണ്ടിവരികയില്ല. അവിടെയെല്ലാം കുറച്ചു തുക മതി. വളരെ പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കൂടുതൽ തുക വയ്ക്കേണ്ടിവരും. ഈ വസ്തുതകളെ ആസ്പദമാക്കിയാണു്, ഒരു ആണ്ടിൽ സർക്കാരിനു് എത്ര തുക വയ്ക്കേണ്ടിവരും, എത്ര തുക ചെലവു വരും ഇതിനെയെല്ലാം അടിസ്ഥാനമാക്കിയാണു് 27 ലക്ഷം രൂപ എന്നു വച്ചിരിക്കുന്നതു്. ഒരുവിധം യൂണിഫാമിറ്റി വരുത്തണമെന്നു ഗവണ്മെന്റിനു വിചാരമുണ്ടു്.

റോഡുകളുടെ മെയിൻറനൻസു്.

* 118. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ മെയിൻറനൻസിനുവേണ്ടി, ഗവണ്മെന്റു് ; ഓരോ ഡിവിഷനിലും ആണ്ടിനാൽ എത്രതുക ഇപ്പോഴും ചെലവാക്കുന്നുണ്ടു് ;

(ബി) അടുത്ത കാലത്തുണ്ടായിട്ടുള്ള ഗതാഗതവർദ്ധനവിനെക്കുടി അടിസ്ഥാനപ്പെടുത്തി, സംസ്ഥാനത്തെ റോഡുകൾ പുതുതായി ക്ലാസിഫൈ ചെയ്യുന്നതിനും, തദനുസരണം മെയിൻറനൻസു് തുക നിശ്ചയിക്കുന്നതിനും ഗവണ്മെന്റു് സത്വരനടപടികൾ കൈക്കൊള്ളുമോ :

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 1960-61, 1961-62, 1962-63 ഈ വർഷങ്ങളിൽ ഓരോ ഡിവിഷനിലും ചെലവാക്കുന്ന തുകയുടെ വിവരങ്ങൾ അടങ്ങുന്ന † പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുകൊണ്ട് ഉണ്ടാകുന്ന വർദ്ധിച്ച സാമ്പത്തികബാദ്ധ്യത കാരണം ഇതിനു ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു : ഇപ്പോഴുള്ള ക്ലാസിഫിക്കേഷൻ നടത്തിയിട്ട് വർഷങ്ങൾ വളരെയധികം ആയി. അതിനുശേഷം മലയോരപ്രദേശങ്ങളിൽ വാഹനഗതാഗതം വളരെയധികം വർദ്ധിച്ചിട്ടുള്ളതുകൊണ്ട് റിപ്പയർ ചെയ്യേണ്ടതു് ഏറ്റവും അത്യാവശ്യമായ കാര്യമാണു്. സാമ്പത്തികബാദ്ധ്യത ഉണ്ടാകുമെങ്കിലും റോഡുകൾ റിപ്പയർചെയ്യേണ്ടതു ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരാവശ്യമായിത്തീർന്നിരിക്കുന്നതുകൊണ്ട് ഇതു റീക്ലാസിഫിക്കേഷൻ നടത്തി കൂടുതൽ തുക അനുവദിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ ക്ലാസിഫിക്കേഷൻ നടത്തേണ്ടതാണെന്നുള്ളതിനെപ്പറ്റി തർക്കമില്ല. അതുകൊണ്ടുമാത്രമായില്ല. പുതിയ ക്ലാസിഫിക്കേഷൻ അനുസരിച്ച് മെയിൻറനൻസ് തുക വർദ്ധിപ്പിക്കുന്നതിനും സാധിക്കണം. ആവശ്യമുള്ളത്ര മെയിൻറനൻസ് തുക കിട്ടിയില്ലെങ്കിൽ ഈ റീക്ലാസിഫിക്കേഷൻ നടത്തിയതുകൊണ്ടുമാത്രം ഒരു പ്രയോജനവുമില്ല. ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ മെയിൻറനൻസ് തുക വളരെ വർദ്ധിപ്പിക്കുന്നതിനു പ്രയാസമാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : രണ്ടു ബഡ്ജറ്റുകളിൽ മെയിൻറനൻസിനു വേണ്ടി നീക്കിവച്ചിരുന്നതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന സംഖ്യ മുഴുവനും ചെലവാക്കിത്തീർന്നുവെങ്കിലും വാഹന ഗതാഗതവും മറ്റു ഗതാഗതവും വർദ്ധിച്ചതു കാരണം വീണ്ടും മെയിൻറനൻസ് ചെയ്യേണ്ടതായിട്ടാണു് ഇരിക്കുന്നതു്. അങ്ങനെയുള്ള റോഡുകൾക്കു പുതുതായി മെയിൻറനൻസ് ഗ്രാൻറു അനുവദിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഓരോ വർഷവും ഇത്തുക മെയിൻറനൻസിനു് എന്ന വകയിരുത്തിയിട്ടുണ്ടു്. തുക ഓരോവർഷവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. അതനുസരിച്ചാണു് പുതിയതായാലും പഴയതായാലും മെയിൻറനൻസ് നടത്തുന്നതു്. തുക അപര്യാപ്തമായതുകൊണ്ടു് എല്ലാം വേണ്ടപോലെ മെയിൻറനൻസ് നടത്തുവാൻ സാധിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : മലബാർ ജില്ലാബോർഡിന്റെ നിരത്തുകളുടെ സംരക്ഷണം ആരാണു് നടത്തുന്നതു്. അനാഥാവസ്ഥയിൽ കിടക്കുന്ന ജില്ലയിലെ നിരത്തുകളുടെ മെയിൻറനൻസ് നടത്തുന്നതിനുള്ള നടപടികൾ ഇനിയെങ്കിലും സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : മലബാർ ഡിസ്ട്രിക്റ്റു ബോർഡിന്റെ റോഡുകളെ രണ്ടായി തരംതിരിച്ചു പ്രധാനപ്പെട്ട റോഡുകൾ പി. ഡബ്ലിയു. ഡി. നേരിട്ടു് ഏറ്റെടുക്കുകയും വില്ലേജുറോഡുകളെ പഞ്ചായത്തുകളെ ഏല്പിക്കുകയുമാണു് ചെയ്തിരിക്കുന്നതു്. ഗവണ്മെൻറു ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ മെയിൻറനൻസ് ഗവണ്മെൻറു നടത്തുകയും മറ്റുള്ളവയുടെ മെയിൻറനൻസ് അതാതു സ്ഥലത്തെ പഞ്ചായത്തുകൾ നടത്തുകയും ചെയ്യും.

ശ്രീമതി കുസുമം : തെക്കൻതാലൂക്കിലുള്ള റോഡുകൾക്കു് പലതിനും ആയിരത്തിലധികം രൂപ ഒരു മൈലിനു മെയിൻറനൻസ് ചെയ്യാൻ മെയിൻറനൻസ് ഗ്രാൻറായി കൊടുക്കുന്ന അവസരത്തിൽ തൊടുപുഴ തുടങ്ങിയ വടക്കൻതാലൂക്കുകളിൽപെട്ടതും വളരെയധികം കേടുപാടുകൾ ഉള്ളതും വളരെ പ്രധാനപ്പെട്ടതും ആയ റോഡുകൾക്കു മൈലിനു വെറും മുന്നൂറുരൂപയാണു് മെയിൻറനൻസ് ഗ്രാൻറു ഇനത്തിൽ വച്ചിട്ടുള്ളതെന്നുള്ളകാര്യം കണക്കിലെടുത്തുകൊണ്ട് കൂടുതൽ പ്രാധാന്യം ഉള്ള ഇത്തരം റോഡുകൾക്കു കൂടുതൽ തുക മെയിൻറനൻസ് ഗ്രാൻറായി കൊടുക്കുവാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ തെക്കൻ താലൂക്കുകളിൽ കൂടുതലും തൊടുപുഴ തുടങ്ങിയ വടക്കൻ താലൂക്കുകളിൽ കുറവുമാണെന്നു പറയുന്നതു ശരിയല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : സർ, അടുത്ത കാലത്തുണ്ടായിട്ടുള്ള ഗതാഗതവർദ്ധനവിനെക്കുടി അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ റോഡുകളും പുതുതായി ക്ലാസിഫൈ ചെയ്യണമെന്നും അതിനനുസരിച്ചു മെയിൻറനൻസ് ഗ്രാൻറു നിശ്ചയിക്കണമെന്നുമാണു ചോദ്യം 'ബി'യിൽ ആവശ്യപ്പെട്ടിട്ടുള്ളതു്. റോഡുകളും മെയിൻറനൻസ് ചെയ്യുന്നതിനുള്ള ക്ലാസിഫിക്കേഷൻ നടത്തിയിരുന്ന കാലത്തുണ്ടായിരുന്നതിനേക്കാളും അമ്പതിരട്ടിയും അറുപതിരട്ടിയും വാഹന ഗതാഗതം വർദ്ധിച്ചിട്ടുണ്ടു് ഇപ്പോൾ. ബസ്സുകളും വഴിയായും ലോറികളും വഴിയായും വലിയൊരു തുക ഗവണ്മെൻറിനു് ആദായമായും കിട്ടുന്നുണ്ടു്. മെയിൻറനൻസ് ഇല്ലാത്തതുകൊണ്ടു് ഗതാഗതസൗകര്യം ഇല്ലാത്ത റോഡുകളാണു് മലബാർ ഭാഗത്തുള്ളതു്. ഈ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ടു് മലബാർ ജില്ലയിലെ റോഡുകളും റീ ക്ലാസിഫൈ ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : സംസ്ഥാനം ഒട്ടുക്കുള്ള റോഡുകളും റീ ക്ലാസിഫൈ ചെയ്യുകയും മെയിൻറനൻസിനുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ മേശപ്പുറത്തു വച്ചിട്ടുള്ള ലിസ്റ്റു് നോക്കിയാൽത്തന്നെ മനസ്സിലാകും 61–62–ൽ വച്ചിട്ടുള്ളതിനേക്കാളും തുക കൂടുതലാണു് 62–63–ൽ വച്ചിരിക്കുന്നതെന്നു്. ഓരോ വർഷവും മെയിൻറനൻസിലുള്ള തുക വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. അതുതന്നെയും ഇപ്പോൾ മതിയാകുന്നില്ല. ഇങ്ങനെ റീക്ലാസിഫൈ ചെയ്യുതുകൊണ്ടുമാത്രം പ്രയോജനമില്ല റീ ക്ലാസിഫിക്കേഷൻ നടത്തുകയും അതിനനുസരിച്ചുള്ള മെയിൻറനൻസ് ഗ്രാൻറു് തുക അനുവദിച്ചുകിട്ടുകയും ചെയ്യുന്നുണ്ടെങ്കിലെ പ്രയോജനമുള്ള എന്നതായാലും ഈ കാര്യം ഗവണ്മെൻറു് പര്യാലോചിക്കുന്നുണ്ടു്.

തണ്ണീർമുക്കം പ്രോജക്ടിൻറെ പണി

* 119. [9] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം പ്രോജക്ടിൻറെ പണി എത്രകൊല്ലംകൊണ്ടു പൂർത്തിയാക്കുന്നതിനാണു് ഉദ്ദേശിക്കപ്പെട്ടിരുന്നതു്;

(ബി) ഇപ്പോൾ പണി ആരംഭിച്ചിട്ടു് എത്ര വർഷമായി;

(സി) ഇതിനകം എത്രമാത്രം പണിതീർന്നു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) അടുത്ത രണ്ടു വർഷംകൊണ്ടു്.

(ബി) മൂന്നുവർഷം

(സി) ഡെസ്ക്കിംഗ് ഒഴിച്ചു മറ്റു ജോലികളുടെ ഏകദേശം മൂന്നിൽ ഒരു ഭാഗം തീർന്നു കഴിഞ്ഞു.

ശ്രീ. എസ്സ്. കുമാരൻ : ഇതൊരു ദീർഘകാല പദ്ധതിയാണു്. ഇതിൽ എത്ര തുക ഇതുവരെ ചെലവായിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആകെ വച്ചിട്ടുള്ളതു 150 ലക്ഷം രൂപയാണു്. അതിൽ രണ്ടാം പദ്ധതിക്കാലത്തു 53 87 ലക്ഷം രൂപ ചെലവു ചെയ്തു കഴിഞ്ഞിട്ടുണ്ടു്. മൂന്നാം പദ്ധതിക്കാലത്തു മൊത്തം വച്ചിരുന്നതു് 90·25 ലക്ഷം രൂപയാണു്. 61–62–ൽ 16·6 ലക്ഷവും 62–63–ൽ 19·81 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ടു്. 63–64–ലേക്കു് മൊത്തം വച്ചിരിക്കുന്ന സംഖ്യ 16·24 ലക്ഷം രൂപയാണു്. അതു റീ ഓർഗനൈസ് ചെയ്തു ഭേദഗതി വരുത്തിയിട്ടുണ്ടു്, ഫൈനൽ അലോട്ടുമെൻറു് 13·96 ലക്ഷം രൂപയാണു്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to starred Question No.* (8)]

Statement Showing The Expenditure In Respect of Each Division Under (50) d Repairs.

	Name of Divisions		1960-61	1961-62	1962-63
			50 (*d*) *Repairs*		
			Communications	*Communications*	*Communications*
1.	Buildings & Roads Dn-,	Trivandrum	11,88,355	14,39,043	20,55,627
2.	Do.	Quilon	13,52,015	18,04,480	18,68,626
3.	Do.	Alleppey	11,51,377	20,29,303	20,82,594
4.	Do.	Kottayam	15,89,713	19,07,610	19,54,964
5.	Do.	Muvattupuzha	12,07,351	17,29,607	18.41,417
6.	Do.	Ernakulam	10,23,830	13,78,504	19,03,441
7.	Do.	Trichur	12,31,296	19,27,223	20,60,365
8.	Do.	Palghat	18,38,188	24,93,889	25,18,707
9.	Do.	Kozhikode	17,05,539	31,84,105	29,11,598
10.	Do.	Cannanore	13,96,275	15,63,866	17,39,554
11.	Bridges Division,	Kottayam			13,677